LIBRARY ARCHIVES Kerala Legislative Assembly

**ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ**

255 (1729) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൊത്തം പഞ്ചായത്തുകളിൽ വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷകളിൽ നിലവിൽ എത്ര എണ്ണം തീർപ്പാവാതെ ശേഷിക്കുന്നുണ്ട് ; ആയത് വിഭാഗം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വിവിധ പഞ്ചായത്തുകളിൽ പെൻഷൻ കുടിശ്ശികയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർ**

256 (1730) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളിൽ ജീവനക്കാരുടെ കുറവുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അർഹതപ്പെട്ട എത്ര പഞ്ചായത്തുകൾക്ക് ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കാനുണ്ട്; തസ്തിക അനുവദിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) വാഹനമുള്ള എത്ര പഞ്ചായത്തുകളിൽ താൽക്കാലിക ഡ്രൈവർമാർ ജോലി ചെയ്യുന്നുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് എത്ര പഞ്ചായത്തുകൾക്ക് സ്ഥിരം ഡ്രൈവർ തസ്തിക അനുവദിച്ച് പി.എസ്.സി. വഴി നിയമനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) മുഴുവൻ പഞ്ചായത്തുകളിലും സ്ഥിരം ഡ്രൈവർ തസ്തിക അനുവദിച്ച് പി.എസ്.സി. വഴി നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ 520 ഗ്രാമപഞ്ചായത്തുകളിലെ ഹെഡ്ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിനായി പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുമെന്ന് കണ്ട് ആയത് നിരസിക്കുകയുമുണ്ടായി.

(സി)

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 64 |
| കൊല്ലം | 64 |
| പത്തനംതിട്ട | 31 |
| ആലപ്പുഴ | 31 |
| കോട്ടയം | 26 |
| ഇടുക്കി | 70 |
| എറണാകുളം | 81 |
| തൃശ്ശൂർ | 22 |
| പാലക്കാട് | 67 |
| മലപ്പുറം | 30 |
| കോഴിക്കോട് | 84 |
| വയനാട് | 6 |
| കണ്ണൂർ | 71 |
| കാസർഗോഡ് | 32 |
| ആകെ | 679 |

(ഡി) 132 പഞ്ചായത്തുകൾക്ക്.

(ഇ) ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly